**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953</u>** **<u>18-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികളും സ്ഥാപനങ്ങളും ഏതെല്ലാമാണ്; അവയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നൽകിയിട്ടുള്ള പ്രാധാന്യം വിശദീകരിക്കുമോ; | (എ) | **<u>വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ</u>**<br><br>**<u>1.ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് (പദ്ധതി)</u>**<br><br>2225-01-277-57-12 (P) എന്ന ശീർഷകത്തിൽ 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>2.ലാപ്ടോപ്പ് ധനസഹായ പദ്ധതി.</u>**<br><br>2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 3,50,00,000/- (മൂന്നു കോടി അൻപതുലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>3.പ്രാഥമിക ചിലവ് ധനസഹായ പദ്ധതി.</u>**<br><br>2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 50,00,000/- (അൻപതുലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>4.സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി.</u>**<br><br>2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 24,00,000/- (ഇരുപത്തി നാല് ലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>5. ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും.</u>**<br><br>2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 10,00,000/- (പത്തു ലക്ഷം) |

രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**6. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി.**

ലംപ്സം ഗ്രാന്റ്, ദുർബല വിഭാഗ സ്റ്റൈപ്പന്റ്, ഫീസ് റീ-ഇംബേഴ്സ്മെന്റ്, വിദ്യാലയ വികാസ് നിധി എന്നീ കംപോണന്റുകൾക്കായി ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ 33 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 23.54 കോടി രൂപയും എഡ്യൂക്കേഷൻ എയ്ഡ് കംപോണന്റിനായി 48 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**7. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്**

9-10 ക്ലാസ് സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Central Prematric Scholorship – Component-I)

സ്കോളർഷിപ്പിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Central Prematric Scholorship – Component-II)- സ്കോളർഷിപ്പിനായി 10 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

**8. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ് പദ്ധതി.**

5.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**9. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി**

6.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**10. പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ്.**

ഫീസ്, സെൻട്രൽ അക്കാഡമിക് അലവൻസ്, സ്റ്റേറ്റ് അക്കാഡമിക് അലവൻസ്, ലംപ്സം ഗ്രാന്റ്, അഡീഷണൽ സ്റ്റേറ്റ് അലവൻസ്, ഹോസ്റ്റൽ ഫീസ് ,ഫെല്ലോഷിപ്പ് എന്നിവക്കായി 2222-01-277-53-12 പ്ലാൻ ശീർഷകത്തിൽ 221.47 കോടി രൂപയും 2222-01-277-51-02-12 പ്ലാൻ ശീർഷകത്തിൽ 73 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**11. വിഷൻ പദ്ധതി**

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 50,00,000/- (അൻപതുലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**12. വിഷൻ പ്ലസ് പദ്ധതി**

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 250,00,000/- (ഇരുന്നൂറ്റി അൻപതുലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**13. പഠനയാത്ര പദ്ധതി**

2225-01-277-57-34 (P) എന്ന ശീർഷകത്തിൽ 150,00,000/- (നൂറ്റൻപതു ലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന സ്ഥാപനങ്ങൾ**

CREST (Centre for Research and Education for Social Transformation), പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (PETC), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS), മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്.

2225-01-102-96 (P) എന്ന ശീർഷകത്തിൽ CREST, PETC, ICSETS പദ്ധതി നടപ്പാക്കുന്നതിനായി 4,00,00,000/- (നാലു കോടി) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 2225-01-277-58 (P) എന്ന ശീർഷകത്തിൽ 15,00,00,000/- (പതിനഞ്ചു കോടി) രൂപയും 4225-01-277-82(P) എന്ന ശീർഷകത്തിൽ 2,00,00,000/- (രണ്ടു കോടി ) രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാടിന് 2

| | | | |
|---|---|---|---|
| | | | ശീർഷകങ്ങളിലായി 95 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നത വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br><br>**<u>CREST</u>**<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ് CREST (Centre for Research and Education for Social Transformation). 2002 ൽ IIM ന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 2008 മുതൽ CREST (Centre for Research and Education for Social Transformation) പേരിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു.<br><br>ടി സ്ഥാപനത്തിൽ അഭ്യസ്ഥവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കരിയറിലോ ഉന്നത പഠന മേഖലയിലോ ഉള്ള പ്രസക്തമായ കഴിവുകൾ, അറിവ് എന്നിവ മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനായി 5 മാസം ദൈർഘ്യമുള്ള Post Graduate Certificate Course for Professional Development (PGCCPD) എന്ന നൈപുണ്യ കേന്ദ്രീകൃതമായ ഡിപ്ലോമ കോഴ്സ് നടത്തി വരുന്നു. ഇതേ വരെ 36 ബാച്ചുകൾ ടി കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. 2002 മുതൽ 1360 വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**<u>പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (PETC)</u>**<br><br>വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് തിരുവനന്തപുരം - മണ്ണന്തല, എറണാകുളം - ആലുവ, പാലക്കാട് - കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലായി 4 പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. PETC യിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികളിൽ 8 കിലോമീറ്റർ ദൂര പരിധിയിലുള്ളവർക്ക് പ്രതിമാസം 200/- രൂപയും, 8 കിലോമീറ്റർ ദൂര പരിധിയിക്ക് പുറത്തുള്ളവർക്ക് പ്രതിമാസം 800/- രൂപയും സ്റ്റൈപ്പന്റ് ഇനത്തിൽ അനുവദിച്ച് വരുന്നു.<br><br>**<u>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)</u>**<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള |

| | | | |
|---|---|---|---|
| | | | സ്വയം ഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന നടപ്പിലാക്കി വരുന്നു.<br><br>ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഐ.സി.എസ്.ഇ.റ്റി.എസ് മുഖേന നടത്തിയ ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുത്ത് എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ പാസ്സായി തെരെഞ്ഞെടുക്കുന്ന റാങ്ക് പട്ടികയിൽ നിന്നും ആദ്യ 60റാങ്കിൽ വരുന്ന വിദ്യാർത്ഥികളിൽ ആദ്യ 10 റാങ്കുകാർക്ക് കേരളത്തിനകത്തോ പുറത്തോ ഉള്ള മികച്ച സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നതിനും ബാക്കി 50 റാങ്കുകാർക്ക് കേരളത്തിനകത്തും പരിശീലനം നേടാവുന്നതാണ്. റാങ്ക് ലിസ്റ്റിൽ ബാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത എണ്ണം വിദ്യാർത്ഥികളെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നടത്തുന്ന പരിശീലന പദ്ധതിയിൽ പരിശീലനം നടത്തുന്നതിനും അവസരം ലഭിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച് വരുന്നു.<br><br>**<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>**<br><br>വകുപ്പിനു കീഴിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ ഒന്ന് സ്പോർട്സ് സ്കൂൾ ആണ്. എം.ആർ.എസ്സുകളിൽ 5-ാം ക്ലാസു മുതലുള്ള വിദ്യാർത്ഥികളാണ് പഠനം നടത്തി വരുന്നത്. ടി എം.ആർ.എസ്സുകളിൽ 7 എണ്ണത്തിൽ ഹയർ സെക്കൻററി പ്രവർത്തിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കു താമസിച്ചു പഠനം നടത്തുന്നതിലേയ്ക്കായി 86 പ്രീമെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു.<br><br>**<u>ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലക്കാട്</u>**<br><br>വകുപ്പിന്റെ അധീനതയിൽ പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പാലക്കാട് ) പ്രവർത്തിച്ചു വരുന്നു. ടി മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്സ്. പ്രവേശനത്തിനായി SC-70%, ST-2% പൊതുമെറിറ്റ് 13%, ആൾ ഇന്ത്യാ ക്വാട്ട 15% എന്നിങ്ങനെ പ്രവേശനം നൽകുന്നു. |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുവേണ്ടി | (സി) | കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 1059പട്ടികജാതി വിദ്യാർത്ഥികൾക്ക് 211,10,17,248/- രൂപ വിദേശപഠനത്തിനായി ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നൽകിയ സഹായങ്ങൾ സംബന്ധിച്ച് വിശദീകരിക്കുമോ; | | |
| (ഡി) | മികച്ച കരിയർ സാധ്യതയുള്ള പൈലറ്റ് ട്രെയിനിംഗ്, ഏവിയേഷൻ തുടങ്ങിയ കോഴ്സുകളിലേക്ക് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്<br><br>**<u>കൊമേഴ്സ്യൽ പൈലറ്റ് കോഴ്സ് (CPL)</u>**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി അവരെ കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾ പ്രാപ്തരാക്കുന്നതിന് നേടിയെടുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'വിങ്സ്'. തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയന വർഷവും 3 പട്ടികജാതി വിദ്യാർത്ഥികൾക്കും, 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, ഒരു മറ്റർഹ വിദ്യാർത്ഥിക്കും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ - ഉയർന്ന റാങ്കോടു കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി കൊണ്ടാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. നാളിതു വരെ 16 പട്ടികജാതിക്കാർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ